Written Answers

ഡിപ്പോകൾ

*1051. (൫൧) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ മാർച്ചിനുശേഷം എത്ര ഭക്ഷ്യധാന്യ ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) അവ എവിടെയെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഏഴ് മെയിൻ ഡിപ്പോയും, അഞ്ചു സബ്-ഡിപ്പോയും സ്ഥാപിച്ചിട്ടുണ്ട്.

(ബി)

താലൂക്ക്	മെയിൻഡിപ്പോ	സബ്ഡിപ്പോ	ആകെ
കുന്നത്തുനാട്	ആലുവാ	പെരുമ്പാവൂർ	൨
പറവൂർ	പറവൂർ		൧
കോട്ടയം	കോട്ടയം		൧
അമ്പലപ്പുഴ	ആലപ്പുഴ		൧
ചങ്ങനാശ്ശേരി	ചങ്ങനാശ്ശേരി	കാഞ്ഞിരപ്പള്ളി കറുകച്ചാൽ	൩
കൊല്ലം	കൊല്ലം	ചാത്തന്നൂർ	൨
തിരുവനന്തപുരം	തിരുവനന്തപുരം	കഴക്കൂട്ടം	൨
			൧൪

വയ്ക്കോൽ നിയന്ത്രണം

*1052. (൫൭) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കിൽ വയ്ക്കോൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ കൃഷിക്കാരിൽനിന്നും അപേക്ഷകൾ കിട്ടിയിരുന്നുവൊ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ൧൯൫൧ ൽ മുണ്ടകവിളവ് ഉണങ്ങിപ്പോയതിനാൽ ചിറ്റൂർ താലൂക്കിലെ വയ്ക്കോൽ പുറമെ കൊണ്ടുപോകുവാൻ അനുവദിക്കരുതെന്നു പല പ്രമുഖ കൃഷിക്കാരും അപേക്ഷിക്കുകയുണ്ടായി. അതനുസരിച്ചു വേണ്ട നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

RATION

*840. [57] **Sri. Paul Thaliath:** Will the Hon'ble Minister for Civil Supplies be pleased to state.—

(*a*) Whether it is a fact that when full ration of food grains were being distributed in the former Cochin area only partial rations were being given in the former Travancore area during many days in the 1st and 2nd week of September 1950; and

LIBRARY ARCHIVES Kerala Legislative Assembly